ഉത്തരം

ഏകദേശം 500 കോടി രൂപ നഷ്ടമുണ്ടായതായിട്ടാണ്, സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത ഇക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി, അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ കേരളാ ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ, കാലാവധി കഴിഞ്ഞ ഭൂമി തിരികെ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുക എന്നീ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ് മാറ്റി സ്ഥാപിക്കൽ

129 (1159) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്കമാലി നിയോജകമണ്ഡലത്തിലെയും സമീപ നിയോജകമണ്ഡലങ്ങളിലെയും ജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ഫോർട്ട് കൊച്ചിയിലുള്ള റവന്യൂ ഡിവിഷണൽ ഓഫീസിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ഓഫീസ് എറണാകുളത്തേയ്ക്കോ കാക്കനാട് കളക്ടറേറ്റിലേക്കോ മാറ്റണമെന്നകാര്യം ശ്രദ്ധയിൽ പ്പെടുത്തിയിട്ടും നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

ഫോർട്ട് കൊച്ചിയിൽ പ്രവർത്തിക്കുന്ന റവന്യൂ ഡിവിഷണൽ ഓഫീസ് എറണാകുളത്തേയ്ക്കോ കാക്കനാട് കളക്ടറേറ്റിലേക്കോ മാറ്റി സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ, എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ഉൾപ്പെടെ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരന്ത പ്രതികരണനിധി

130 (1160) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം 2011-2014 കാലയളവിൽ എറണാകുളം ജില്ലയിൽ എത്ര ഇക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly